I/100878/2023

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

തിയതി : 01-11-2023

## <u>സർക്കുലർ</u>

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - അംഗൻവാടി കെട്ടിട നിർമാണം-വിവിധ നിർമാണ ഘട്ടങ്ങളുടെ ഫണ്ട് പ്രോപോസലുകൾ സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം കൂടി ഉൾക്കൊള്ളിക്കുന്നത്- –സംബന്ധിച്ച്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കുന്ന അംഗനവാടികളുടെ മെറ്റീരിയൽ ഫണ്ടിനുള്ള പ്രപോസൽ JPC മാർ സംസ്ഥാന മിഷനിൽ നൽകുന്നുണ്ട്. നിലവിൽ ജില്ലകളിൽ നിന്നും ലഭിക്കുന്ന അംഗനവാടി കെട്ടിട നിർമാണത്തിന്റെ ഭാഗമായുള്ള ഫണ്ട് പ്രോപോസലുകളിൽ ടി പ്രവൃത്തിയുടെ നിലവിലെ സ്ഥിതി/നിർമാണ ഘട്ടം പരാമർശിക്കാറില്ല. ആയത് കൊണ്ട് തന്നെ പ്രസ്തുത അംഗണവാടിയുടെ നിർമ്മാണ പുരോഗതി ജില്ലാ/ സംസ്ഥാന തലത്തിൽ വിലയിരുത്തുന്നതിന് കഴിയുന്നില്ല.

ഫണ്ട് അനുവദിക്കുന്നതിനായി അംഗൻവാടി പ്രൊപോസലിനൊപ്പം പ്രവൃത്തിയുടെ നിലവിലെ ഭൌതിക സ്ഥിതികൂടി ഗ്രാമ പഞ്ചായത്ത് അക്രഡിറ്റട് എഞ്ചിനീയർ/ ഓവർസീർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തുകയും ടി സാക്ഷ്യപത്രം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മേലൊപ്പ് വച്ച് , ടി പ്രവർത്തിയുടെ നിലവിലെ സ്ഥിതി മനസിലാക്കാൻ കഴിയുന്ന തരത്തിലുള്ള ഫോട്ടോയോടൊപ്പം ബ്ലോക്കിലേക്ക് അയക്കേണ്ടതുമാണ്. ഇപ്രകാരം ലഭിക്കുന്ന പ്രൊപോസൽ ബ്ലോക്ക് എഞ്ചിനീയർമാർ മേൽ പരിശോധന നടത്തി തയ്യാറാക്കുന്ന സാക്ഷ്യപത്രം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ കൌണ്ടർ സൈൻ ചെയ്ത് അതാത് ജില്ലകളിൽ സമർപ്പിക്കുകയും ചെയ്യണം. ഇങ്ങനെ ലഭിക്കുന്ന ഫണ്ട് പ്രോപോസലുകൾ ജില്ലാ എഞ്ചിനീയർ പരിശോധിച്ച് ആവശ്യമെങ്കിൽ ടി പ്രവർത്തി നടക്കുന്ന സൈറ്റുകളിൽ നേരിട്ട് സന്ദർശനം നടത്തി നിർമാണ ഘട്ടം പര്ശോധിക്കുകയും വേണം. ഇത്തരം പരിശോധനകൾ നടത്തിയ ശേഷം വേണം സംസ്ഥാന മിഷനിലെക്ക് JPC മാർ ഫണ്ട് റിക്വസ്റ്റ് അയക്കേണ്ടത്.

തദ്ദേശ സ്ഥാപന (G.P/B.P/D.P) വിഹിതത്തിൽ നിന്നുമാണ് അംഗനവാടി ഫണ്ട് ആവശ്യപ്പെടുന്നത് എങ്കിൽ ബന്ധപ്പെട്ട വിഹിതം സംസ്ഥാന മിഷന്റെ ട്രഷറി അക്കൗണ്ടിൽ അടച്ചത് സംബന്ധിച്ച രേഖകൾ സഹിതം ആകണം പ്രൊപോസൽ സമർപ്പിക്കേണ്ടത്.

പരിശോധനകൾ നടത്തി പ്രൊപോസൽ നൽകുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുന്നില്ല എന്നത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, BPO, JPC എന്നിവർ ഉറപ്പാക്കേണ്ടതാണ്.

മേൽ നടപടികൾ പാലിച്ച് സമർപ്പിക്കുന്ന ഫണ്ട് പ്രൊപോസൽ അപേക്ഷകൾക്ക് മാത്രമേ തുടർന്ന് ഫണ്ട് അനുവദിക്കുകയുള്ളൂ. ഇതിനു വിരുദ്ധമായി സമർപ്പിക്കുന്ന ഫണ്ട് പ്രോപോസലുകൾ നിരാകരിക്കുന്നതാണ്.

വിശ്വസ്ഥതയോടെ

Signed by
Nizamudeen A I A S
Date: 01-11-2023 15:39:36

To

I/100878/2023

എല്ലാ JPC മാർക്ക്

എല്ലാ BPO/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (JPC മുഖേന)